# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1444 — 30-9-2011-ൽ മറുപടിക്ക്

## ബി. ടെക്. പ്രിന്റിംഗ് ടെക്നോളജി യോഗ്യതയുള്ളവരുടെ നിയമനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാലോട് രവി:<br>,, വി. ഡി. സതീശൻ:<br>,, സണ്ണി ജോസഫ്:<br>,, ലൂഡി ലൂയിസ്: | ശ്രീ. കെ. പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ എത്ര കോളേജുകളിൽ ബി.ടെക്. പ്രിന്റിംഗ് ടെക്നോളജി കോഴ്സ് നടത്തുന്നുണ്ട് ; | (എ) കേരളത്തിൽ കോഴിക്കോട് യൂണിവേഴ്സിറ്റി ഓഫ് എൻജിനീയറിംഗ് & ടെക്നോളജി, തേഞ്ഞിപ്പാലം എന്ന സ്ഥാപനത്തിൽ ബി.ടെക് പ്രിന്റിംഗ് ടെക്നോളജി കോഴ്സ് നടത്തിവരുന്നുണ്ട്. |
| (ബി) ബി.ടെക്. പ്രിന്റിംഗ് ടെക്നോളജി അടിസ്ഥാന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ കേരള സർക്കാരിന്റെ വിവിധ പ്രിന്റിംഗ് സ്ഥാപനങ്ങളിലേക്കും യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രസ്സുകളിലേക്കും നേരിട്ടുള്ള നിയമനങ്ങൾക്കായി പരിഗണിക്കുന്നുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;<br>(ഡി) പ്രസ്തുത ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതിനായി ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തുമോ ? | (സി) & (ഡി) അച്ചടി വകുപ്പിന്റെ അസിസ്റ്റന്റ് സൂപ്രണ്ട് (ഓഫ്സെറ്റ്), അസിസ്റ്റന്റ് സൂപ്രണ്ട് (റീ-പ്രൊഡക്ഷൻ) എന്നീ തസ്തികകളിലെ നേരിട്ടുള്ള നിയമനത്തിനും കേരള യൂണിവേഴ്സിറ്റി പ്രസ്സിലെ സൂപ്രണ്ട് തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനത്തിനും പരിഗണിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ